# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം, കായംകുളം - 690 533, കേരളം

ICAR

CPCRI

## വാർത്താപത്രിക
## NEWSLETTER

Vol. 17 Issue 02
വാല്യം 17 ലക്കം 02

April - June 2019
ഏപ്രിൽ - ജൂൺ 2019




എല്ലാ സുഹൃത്തുക്കൾക്കും KVKയുടെ

**ഓണാശംസകൾ...**




- പയറിന് പോഷക മിശ്രിതം
- തേനീച്ച വളർത്തൽ
- എള്ളിന് ജലസേചനം
- കടക്നാഥ് കോഴിവളർത്തൽ
- മാവിലെ കായീച്ച നിയന്ത്രണം
- കന്നുകുട്ടി പരിപാലനം
- അംഗനവാടിയിൽ പോഷകത്തോട്ടം
- വെറ്റില രോഗങ്ങൾ ചെറുക്കാം
- പരിശീലനങ്ങൾ
- വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ QR CODE സ്കാൻ ചെയ്യുക.


**കെ. വി. കെ. യുമായി ബന്ധപ്പെടാൻ...**

ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ/ഫാക്സ്: 0479 2449268
Email: kvkalapuzha@gmail.com
www.kvkalappuzha.org


# കാർഷിക വരുമാന വർദ്ധനവിന് നൂതന സാങ്കേതിക വിദ്യകൾ



പ്രാദേശികമായി അഭിമുഖീകരിക്കുന്ന കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന സാങ്കേതിക വിദ്യകൾ വിവിധ പരിപാടികൾ മുഖേന കർഷകരിലേക്ക് എത്തിക്കുക എന്നതാണ് കെ.വി.കെയുടെ മുഖ്യ ലക്ഷ്യം. കഴിഞ്ഞ വർഷം താമരക്കുളം - വള്ളികുന്നം പഞ്ചായത്തുകൾ കേന്ദ്രീകരിച്ചു നടത്തിയ സാങ്കേതിക വിദ്യാ ഇടപെടലുകൾ കർഷക പങ്കാളിത്തവും നടപ്പിലാക്കിയ രീതികൾ കൊണ്ടും ശ്രദ്ധേയമായി. ഇതിന്റെ ഭാഗമായി നടത്തിയ പത്തോളം സാങ്കേതിക വിദ്യാ പ്രദർശനങ്ങൾ പങ്കാളിത്ത അവലോകന പരിപാടികളോടെ ജൂണിൽ പരിസമാപിച്ചു. വിജയകരമായി പൂർത്തിയാക്കിയ ഈ സാങ്കേതിക വിദ്യകളുടെ തുടർ വ്യാപനത്തിനായി ബന്ധപ്പെട്ട വകുപ്പുകൾ, ഏജൻസികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. പങ്കാളികളായ കർഷകർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, മറ്റു കർഷകർ, ജനപ്രതിനിധികൾ, കെ.വി.കെ വിദഗ്ദ്ധർ എന്നിവർ വിവിധ പ്രദർശന പരിപാടികളുടെ സമാപന യോഗങ്ങളിൽ പങ്കെടുത്തു. പങ്കാളികളായ കർഷകരുടെ അനുഭവങ്ങൾ മറ്റു കർഷകർക്ക് സാങ്കേതിക വിദ്യകളിലുള്ള വിശ്വാസവും അത് ഉപയോഗിക്കാനുള്ള ആത്മവിശ്വാസവും നൽകുന്ന നേർസാക്ഷ്യങ്ങളായി. 2022ഓടെ കർഷക വരുമാനം ഇരട്ടിയാക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ ഈ സാങ്കേതിക വിദ്യകൾ സഹായിക്കുമെന്നതിന് സംശയമില്ല. മികച്ച വിളവിനായി പോഷക മിശ്രിത ഉപയോഗം, വെറ്റില രോഗങ്ങൾക്കെതിരെ ജൈവിക നിയന്ത്രണം, ശാസ്ത്രീയ തേനീച്ച വളർത്തൽ രീതികൾ, എള്ളിന്റെ വിളവ് കൂട്ടാൻ ശാസ്ത്രീയ ജലസേചനം, കടക്നാഥ് കോഴിവളർത്തൽ, ശാസ്ത്രീയ കന്നുകുട്ടി പരിപാലനം തുടങ്ങിയ സാങ്കേതിക വിദ്യകളാണ് ഇത്തവണ കർഷകർക്ക് കൃഷിവിജ്ഞാന കേന്ദ്രം പരിചയപ്പെടുത്തിയത്.

## ഓണാട്ടുകരയിലെ പയർകൃഷിക്ക് പോഷകമിശ്രിതം



ഓണാട്ടുകരയിലെ മണൽ കൂടുതലുള്ള, വേണ്ടത്ര ഫലഭൂയിഷ്ടമല്ലാത്ത മണ്ണിൽ സ്ഥിരമായി കൃഷിയിറക്കുമ്പോൾ ഉദ്പാദനമികവിനായി ആവശ്യത്തിന് പോഷകങ്ങൾ വിളകൾക്ക് നൽകേണ്ടതുണ്ട്. പയർ കൃഷിയിൽ പോഷകങ്ങളുടെ കുറവു മൂലമുള്ള പല അപര്യാപ്തതാ ലക്ഷണങ്ങളും ഇന്ന് ഓണാട്ടുകര പ്രദേശത്ത് വ്യാപകമാണ്. ഇതിനു പരിഹാരമായാണ് പ്രധാന പോഷകമായ പൊട്ടാസ്യത്തിന് പുറമെ ദ്വിതീയ സൂക്ഷ്മമൂലകങ്ങളുമടങ്ങിയ ഒരു പോഷകമിശ്രിതം ഓണാട്ടുകര മേഖല കാർഷിക ഗവേഷണ കേന്ദ്രം പുറത്തിറക്കിയത്. ഈ മിശ്രിത പ്രയോഗത്തിന്റെ ഗുണങ്ങൾ ഡോ. സജ്നാനാഥിന്റെ നേതൃത്വത്തിൽ കൃഷി വിജ്ഞാന കേന്ദ്രം തിരഞ്ഞെടുത്ത 10 കർഷകരുടെ കൃഷിയിടങ്ങളിൽ തെളിയിച്ചു. ചെടിയുടെ വളർച്ചയ്ക്കും വിളവ് കൂടുന്നതിനും ഈ പുതിയ മിശ്രിതം സഹായകമാകുന്നതായി കർഷകർ സാക്ഷ്യപ്പെടുത്തി. ഈ പ്രദർശന പരിപാടിയുടെ സമാപനം താമരക്കുളം കൃഷിഭവനിൽ ഏപ്രിൽ 30 ന് സംഘടിപ്പിച്ചു. കെ.വി.കെ. വിദഗ്ദ്ധർക്കു പുറമെ കൃഷി ഓഫീസർ ശ്രീമതി. അഞ്ജന, പച്ചക്കറി ക്ലസ്റ്റർ കർഷകർ, മറ്റു ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു. പോഷക മിശ്രിതം ഒരു ലിറ്റർ വെള്ളത്തിന് 5 ഗ്രാം എന്ന തോതിൽ 3 തവണയായാണ് പയറിൽ പ്രയോഗിച്ചത്.

## റബ്ബർ തോട്ടങ്ങളിൽ അധിക വരുമാനത്തിന് തേനീച്ച വളർത്തൽ



റബ്ബർ തോട്ടങ്ങളിൽ അധിക വരുമാന സ്രോതസ്സായി തേനീച്ചയെ വളർത്താമെന്ന് വള്ളികുന്നത്ത് സംഘടിപ്പിച്ച സാങ്കേതിക വിദ്യാ പ്രദർശന പരിപാടിയിലൂടെ കർഷർക്ക് ബോധ്യമായി. തേനീച്ച വളർത്തലിന്റെ ശാസ്ത്രീയ വശങ്ങൾ ആറ് മാസങ്ങളോളം നീണ്ട പ്രായോഗിക പരിശീലനത്തിലൂടെ വിവിധ ഘട്ടങ്ങളായി പങ്കാളികളായ പത്ത് കർഷകർക്ക് പകർന്നു നൽകി. ഇത് അവരിൽ ആത്മവിശ്വാസവും സാങ്കേതിക പരിജ്ഞാനവും വർദ്ധിപ്പിച്ചു. തേനീച്ച കോളനി പരിശോധിക്കൽ, ക്ഷാമകാല പരിചരണം, തേൻ ശേഖരണം, എക്സ്ട്രാക്ടർ ഉപയോഗം തുടങ്ങി വിവിധ സാങ്കേതിക വശങ്ങൾ പങ്കാളികളായ കർകർക്ക് പരിചയപ്പെടുത്തി. തുടർനടപടികൾക്കായി ഹോർട്ടികോർപ്പിന്റെ സഹായ സഹകരണങ്ങൾ ബന്ധപ്പെട്ട അധികാരികൾ ഉറപ്പു നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിൽ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി. മുരളീധരൻ, ഹോർട്ടികോർപ് മാനേജർ. ശ്രീ. സുനിൽ ബി. എന്നിവർ കർഷകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ വഴി കൂടുതൽ സ്ഥലങ്ങളിലേക്ക് തേനീച്ച വളർത്തൽ വ്യാപിപ്പിക്കണമെന്ന് കർഷകർ അഭിപ്രായപ്പെട്ടു. കഴിഞ്ഞ വർഷത്തെവളരെ പ്രതികൂല സാഹചര്യങ്ങളിലും നാലു കിലോഗ്രാം തേൻ വരെ ഒരു കൂട്ടിൽ നിന്നും ലഭിച്ചു. തൊഴിലാളികളെ ആശ്രയിക്കാതെ സ്വന്തമായി ഏറ്റെടുക്കാൻ കഴിയുന്ന ഒരു വരുമാന മാർഗം എന്ന രീതിയിൽ ഈ സംരംഭം വീട്ടമ്മമാർക്ക് നല്ലൊരു സാധ്യതയാണ്.

## അവശ്യഘട്ടങ്ങളിലെ ജലസേചനം വഴി എള്ളിന്റെ വിളവ് വർദ്ധിപ്പിക്കാം



അവശ്യഘട്ടങ്ങളിൽ ഈർപ്പം ലഭ്യമാക്കിയാൽ എള്ളിന്റെ വിളവ് വർധിപ്പിക്കാമെന്ന് വള്ളികുന്നം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ സാങ്കേതിക വിദ്യാ പ്രദർശന പരിപാടി തെളിയിച്ചു. അത്യുൽപ്പാദനശേഷിയുള്ള തിലറാണി ഇനം എള്ളിൽ വളർച്ചയുടെ പ്രധാന ഘട്ടങ്ങളിൽ സ്പ്രിംഗ്ളർ ഉപയോഗിച്ച് ജലസേചനം നൽകിയാണ് ആവശ്യമായ ഈർപ്പം മണ്ണിൽ ക്രമീകരിച്ചത്. 20 ഓളം കർഷകർ ഈ പ്രദർശന പരിപാടിയിൽ പങ്കാളികളായി. വളാച്ചാലിൽ ശ്രീമതി ശ്രീദേവിയുടെ വീട്ടുമുറ്റത്ത് ചേർന്ന വിളവെടുപ്പ് ചടങ്ങിലും അവലോകന യോഗത്തിലും കെ.വി.കെ. മേധാവി ഡോ.പി.മുരളീധരൻ, വള്ളികുന്നം കൃഷി ഓഫീസർ ശ്രീമതി. ഷാനിദാബീവി, ശ്രീ.എം.എസ്.രാജീവ് പങ്കാളികളായ കർഷകർ എന്നിവരെ കൂടാതെ 35 ഓളം കർഷകരും പങ്കെടുത്തു.

## വീട്ടുമുറ്റത്ത് 'കടക്നാഥ് 'കോഴി വളർത്തൽ



വിലകൂടിയ ഇറച്ചിയ്ക്കും മുട്ടയ്ക്കും പേരു കേട്ട കടക്നാഥ് എന്നയിനം കരിങ്കോഴിയെ വീട്ടുമുറ്റത്ത് വളർത്താൻ ആവശ്യമായ സാങ്കേതിക വിദ്യകൾ കെ.വി.കെ. കർഷകരിലെത്തിച്ചു. തെരഞ്ഞെടുത്ത കർഷകർക്ക് കരിങ്കോഴി കുഞ്ഞുങ്ങളെ നൽകിയാണ് പരിപാടി നടപ്പിലാക്കിയത്. മുട്ടകൾക്ക് പ്രാദേശികമായി തന്നെ സാധാരണ കോഴിമുട്ടകളേക്കാൾ വിലയുള്ളത് ഇത്തരം കോഴികളെ വളർത്താൻ കർഷകർക്ക് പ്രചോദനമാകുന്നു. എന്നാൽ യഥാർത്ഥ കടക്നാഥ് ഇനത്തിന്റെ ദൗർലഭ്യം പലരും അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. ഇതിനായി തുടർ നടപടി എന്ന നിലയിൽ ഇൻകുബേറ്ററും, അടയിരിക്കുന്ന നാടൻ കോഴികളെയും ഉപയോഗപ്പെടുത്തി കടക്നാഥ് കോഴികളെ പ്രാദേശികമായി വിരിയിക്കുന്നതിനുള്ള സംരംഭ സാധ്യതകൾ പ്രദർശന പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടു. പഞ്ചായത്ത് മെമ്പർ ശ്രീമതി. പ്രസന്ന, കെ.വി.കെ. മേധാവി ഡോ. പി.മുരളീധരൻ, ഡോ.എസ്.രവി എന്നിവർ യോഗത്തിൽ പങ്കെടുത്തു. മുട്ട വിരിയിച്ച് കൂടുതൽ കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനായി വനിതകളുടെ ഒരു ഗ്രൂപ്പ് രൂപീകരിച്ച് ഇൻകുബേറ്റർ ലഭ്യമാക്കി കെ.വി.കെയുടെ നേതൃത്വത്തിൽ തുടർ പ്രവർത്തനം നടത്തിവരുന്നു.

## കായീച്ച നിയന്ത്രണം, കൂട്ടായ്മയോടെ



വിളകളെ ആക്രമിക്കുന്ന ചില കീടങ്ങളുടെ നിയന്ത്രണത്തിന് കൂട്ടായ്മയോടുള്ള പ്രവർത്തനങ്ങൾ വഴി മാത്രമേ സാധിക്കുകയുള്ളു. മാമ്പഴങ്ങൾ കേടുവരുത്തുന്ന കായീച്ചയുടെ നിയന്ത്രണത്തിന് ഇത്തരത്തിലുള്ള നടപടിയാണ് ആവശ്യം. മാമ്പഴ ഈച്ചയുടെ സംയോജിത നിയന്ത്രണ നടപടികൾ വള്ളികുന്നത്തെ രണ്ട് വാർഡുകൾ കേന്ദ്രീകരിച്ച് എഴുപതോളം കർഷകരെ സംഘടിപ്പിച്ച് 2019 ജനുവരി-ജൂൺ മാസങ്ങളിൽ നടപ്പിലാക്കി. പുഴുക്കുത്തേറ്റ മാമ്പഴം ശരിയായ രീതിയിൽ നശിപ്പിക്കൽ, കായീച്ച കെണിയുടെ ഉപയോഗം, സമാധി ദശ നശീകരണം, കായ്കൾ ചൂടുവെള്ളത്തിൽ മുക്കി മുട്ടകൾ നശിപ്പിക്കൽ തുടങ്ങിയ സാങ്കേതിക വിദ്യകളാണ് ഏവരും ചേർന്ന് കൂട്ടായ്മയോടെ ഇവിടെ നടപ്പിലാക്കിയത്. ഇത് ഏറെ പ്രയോജനം ചെയ്തതായി പങ്കാളികളായ കർഷകർ ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു. കായീച്ച കെണികൾ ആവശ്യത്തിന് ലഭ്യമാക്കി കൂടുതൽ വാർഡുകളിലേക്ക് ഈ നിയന്ത്രണ നടപടികൾ വ്യാപിപ്പിക്കാൻ പഞ്ചായത്തിന്റെയും കൃഷി വകുപ്പിന്റെയും സഹായം കർഷകർ ആവശ്യപ്പെട്ടു. ഇത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുമെന്ന് പഞ്ചായത്ത് അംഗങ്ങൾ ഉറപ്പ് നൽകി. കായീച്ച നിയന്ത്രണ നടപടികളെക്കുറിച്ച് ഡോ. ടി. ശിവകുമാർ വിശദീകരിച്ചു. പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീ.ജി. മുരളി, പഞ്ചായത്ത് അംഗം ശ്രീ. എ. പ്രഭാകരൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീമതി റസിയ, കൃഷി ഓഫീസർ ശ്രീമതി ഷാഹിദാ ബീഗം എന്നിവർ സംബന്ധിച്ച സമാപന യോഗത്തിൽ കെ.വി.കെ. മേധാവി. ഡോ.പി.മുരളീധരൻ മുഖ്യ പ്രഭാഷണം നടത്തി. പരിപാടിയുടെ വിജയത്തിനായി മുൻനിരയിൽ പ്രവർത്തിച്ച ശ്രീ. താഹിർ കോയിക്കലിനെ യോഗം അഭിനന്ദിച്ചു.

## വരുമാനത്തിനായി കന്നുകുട്ടി പരിപാലനം



കാളക്കിടാവുകളെ വേണ്ട രീതിയിൽ പരിപാലിച്ചാൽ സാധാരണ ലഭിക്കുന്ന വരുമാനത്തിന്റെ മൂന്നിരട്ടിയിലധികം നേടാനാവുമെന്ന് സാങ്കേതിക വിദ്യാ പ്രദർശനത്തിലൂടെ തെളിയിച്ചു. വള്ളികുന്നത്ത് സംഘടിപ്പിച്ച പ്രസ്തുത പരിപാടിയിൽ 10 ക്ഷീരകർഷകർ പങ്കാളിയായി. കാളക്കുട്ടികൾക്ക് കാഫ്സ്റ്റാർട്ടർ എന്ന പ്രത്യേകമായ തീറ്റനൽകി ശാസ്ത്രീയമായ പരിപാലനമാണ് ഇവിടെ അനുവർത്തിച്ചത്. തന്മൂലം 8 മാസം പ്രായമുള്ള മൂരികിടാവിന് ശരാശരി 15000 രൂപ ലഭിച്ചതായി അവലോകന യോഗത്തിൽ കർഷകർ അഭിപ്രായപ്പെട്ടു. യോഗത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീമതി ലൂഷി, കണ്ണനാകുഴി ക്ഷീര സംഘം പ്രസിഡന്റ് ശ്രീ. ഉണ്ണിത്താൻ, കെ.വി.കെ. മേധാവി ഡോ.പി. മുരളീധരൻ, വിദഗ്ദ്ധൻ ഡോ.രവി. എസ്. എന്നവരും സംസാരിച്ചു.

## അംഗനവാടികളിൽ പോഷകത്തോട്ടം



ഭക്ഷണത്തിൽ പോഷകസമൃദ്ധമായ പച്ചക്കറികൾ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. അംഗനവാടികളിൽ എത്തുന്ന കൊച്ചുകുട്ടികളുടെ ഉച്ചഭക്ഷണത്തിൽ പച്ചക്കറികൾ പ്രത്യേകിച്ച് ഇലക്കറികൾ ഉൾപ്പെടുത്താനുള്ള പ്രദർശന പരിപാടി താമരക്കുളത്തെ തിരഞ്ഞെടുത്ത ഇരുപത്തി ഏഴോളം അംഗനവാടികളിൽ നടപ്പിലാക്കി. അംഗനവാടികളിൽ ലഭ്യമായ സ്ഥലത്തും ഗ്രോബാഗിലുമായി എട്ട് ഇനം പച്ചക്കറികൾ വളർത്താനുള്ള സാങ്കേതിക സഹായവും ഉപാധികളും കെ.വി.കെ നൽകി. ഇതു വഴി അംഗനവാടികളിൽ ദിനം പ്രതി ആവശ്യമായി വരുന്ന പച്ചക്കറികളുടെ മൂന്നിൽ രണ്ടുഭാഗം ഉത്പാദിപ്പിക്കാനായതായി പങ്കാളികളായ അംഗനവാടി അദ്ധ്യാപികമാർ അഭിപ്രായപ്പെട്ടു. കുട്ടികളുടെ രക്ഷകർത്താക്കളും ഇതിൽ പങ്കാളികളായെന്നും വീട്ടുവളപ്പിൽ പച്ചക്കറി കൃഷി തുടങ്ങാൻ അവർക്ക് പ്രചോദനമായെന്നും അവർ അനുസ്മരിച്ചു. സമാപന ചടങ്ങിൽ ICDS പ്രോജക്ട് ഓഫീസർ ശ്രീമതി. എസ്. ശ്രീകലയുടെ സാന്നിദ്ധ്യത്തിൽ കെ.വി.കെ മേധാവി ഡോ.പി.മുരളീധരൻ പരിപാടിയുടെ ഉദ്ദേശലക്ഷ്യങ്ങളെയും നടത്തിപ്പിനെയും കുറിച്ച് വ്യക്തമാക്കി. കെ.വി.കെ. വിദഗ്ദ്ധ ശ്രീമതി. ജിസ്സി ജോർജ്ജ് പ്രവർത്തനങ്ങൾ സംഗ്രഹിച്ചു. ഈ പരിപാടിയുടെ വിജയത്തെ തുടർന്ന് ഒട്ടനവധി അംഗനവാടികൾ സാങ്കേതിക സഹായത്തിനായി കെ.വി.കെ യെ സമീപിച്ചിട്ടുണ്ട്.

## വെറ്റില രോഗങ്ങളെ ചെറുക്കാൻ ജൈവിക മാർഗ്ഗങ്ങൾ



വെറ്റില കൃഷിയിലെ പ്രധാന പ്രശ്നമാണ് ഇലയേയും തണ്ടിനേയും ബാധിക്കുന്ന വിവിധ കുമിൾ രോഗങ്ങൾ. ഇവയ്ക്കെതിരെ ജൈവിക പ്രതിരോധ രീതികൾ തമാരക്കുളത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ വർഷം കർഷകർക്കു പരിചയപ്പെടുത്തി. വെറ്റിലയുടെ തലകൾ നടുമ്പോൾ സ്യൂഡോമോണാസ് ഫ്ളൂറസെൻസ് എന്ന മിത്ര ബാക്ടീരിയ ലായനിയിൽ മുക്കി നട്ടും, വളർച്ചാ ഘട്ടത്തിൽ രണ്ടാഴ്ച കൂടുമ്പോൾ തളിച്ചു കൊടുത്തും, ട്രൈക്കോഡെർമ കൊണ്ട് സമ്പുഷ്ടീകരിച്ച ജൈവവളം തടങ്ങളിൽ നൽകിയും, മഴക്കാലത്ത് ബോർഡോ മിശ്രിതം (1%) തളിച്ചുമാണ് രോഗങ്ങൾക്കെതിരെ പ്രതിരോധം തീർത്തത്. പങ്കാളികളായ കർഷകരും, സമീപ പ്രദേശത്തെ മറ്റു വെറ്റില കർഷകരും പങ്കെടുത്ത സമാപന അവലോകന യോഗത്തിൽ കെ.വി.കെ മേധാവി ഡോ. പി. മുരളീധരൻ, സാങ്കേതിക വിദഗ്ദ്ധ ശ്രീമതി ജി. ലേഖ, അസി. കൃഷി ഓഫീസർ ശ്രീമതി. സി. മായ എന്നിവരും പങ്കെടുത്തു. പ്രതിരോധ മാർഗ്ഗങ്ങൾ രോഗനിയന്ത്രണത്തിന് ഏറെ ഫലപ്രദമായിരുന്നുവെന്നും ഇലയുടെ മൃദുത്വവും വലിപ്പവും മെച്ചപ്പെടുന്നതു വഴി കൂടുതൽ സാമ്പത്തിക നേട്ടം കൈവരിക്കാനായതായും കർഷകർ അഭിപ്രായപ്പെട്ടു.

## പരിശീലനങ്ങൾ

ഏപ്രിൽ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവിൽ കൃഷി വിജ്ഞാന കേന്ദ്രത്തിലും ജില്ലയ്ക്കുള്ളിലെ വിവിധ പ്രദേശങ്ങളിലുമായി വിവിധ വിഷയങ്ങളിൽ 16 പരിശീലനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഇവയിൽ മുന്നൂറ്റി നാൽപ്പതോളം കർഷകരും യുവതി യുവാക്കളും പങ്കെടുത്തു.





## അവാർഡ്

ഹൈദരബാദിൽ നടന്ന നിക്രാ (NICRA) ദേശീയ പദ്ധതിയുടെ വാർഷിക അവലോകന യോഗത്തിൽ അവതരിപ്പിച്ച 'കോഴിവളർത്തലിനുള്ള കാലാവസ്ഥാനുസൃത പരിപാലന രീതികൾ' എന്ന വിഷയത്തിലുള്ള പോസ്റ്റർ പ്രബന്ധത്തിന് മികച്ച പോസ്റ്ററിനുള്ള പുരസ്കാരം ലഭിച്ചു. ഡോ.പി.മുരളീധരൻ, ഡോ.എസ്.രവി എന്നിവരാണ് ഇത് തയ്യാറാക്കിയത്.

*Printed & Published by*: Dr. (Mrs.) Anitha Karun, Acting Director, ICAR-CPCRI, Kasaragod
*Co-ordination & Editing*: Dr. P. Muralidharan, Principal Scientist & Head. *Text, Layout & Compilation*: Dr. T. Sivakumar, SMS.
*Technical Inputs*: Rajeev M.S., Jissy George, Lekha G, Dr. S. Ravi & Dr. K. Sajnanath. *Technical Support*: Ansary K.M., Bijila P.V. & Nithya K.R.